# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5065

27.07.2015 ൽ
മറുപടിക്ക്

## കൊണ്ടോട്ടി ഇ. എം. ഇ. എ കോളേജിലെ പ്രിൻസിപ്പൽ നിയമനം

**ചോദ്യം**
**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

**മറുപടി**
**ശ്രീ. പി. കെ. അബ്ദു റബ്ബ്**
**(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) കൊണ്ടോട്ടി ഇ. എം. ഇ.എ കോളേജിന്റെ പ്രിൻസിപ്പലിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിലെ 39225/172/14 നമ്പർ ഫയലിൽ ഇത് വരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(ബി) ഇത് സംബന്ധമായ അഭിപ്രായം അറിയിക്കുന്നതിന് വേണ്ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് നിർദ്ദേശം നൽകിയിരുന്നുവോ; | (എ) & (ബി)<br>കൊണ്ടോട്ടി. ഇ.എം. ഇ. എ കോളേജിലെ പ്രിൻസിപ്പലിന്റെ നിയമനാംഗീകാരം സംബന്ധിച്ച വിഷയം പരിശോധിക്കുന്നത് ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പിലെ 39225/ഡി2/14/ഉ.വി.വ എന്ന ഫയലിലാണ്. ടി വിഷയത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. |
| (സി) എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയതെന്നും ഇതിന്മേൽ എന്ന് മറുപടി ലഭിച്ചുവെന്നും വിശദമാക്കുമോ;<br>(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ 48184/D6/DCE എന്ന ഫയലിൽ എന്ന് മറുപടി അയച്ചുവെന്ന് പകർപ്പ് സഹിതം വ്യക്തമാക്കുമോ; | (സി) & (ഡി)<br>20.12.2014 തീയതിയിലെ 39225/ഡി2/14 /ഉ.വി.വ നമ്പർ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് 21.7.15 ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) പ്രിൻസിപ്പൽ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഫയലിൽ ഉടൻ തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ച് അനന്തര നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ